DCMPM/1734/2020-DM1

തിയ്യതി-28.06.2020

നടപടിക്രമം

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, മലപ്പുറം

(ഹാജർ- കെ ഗോപാലകൃഷ്ണൻ, ഐ എ എസ്)

വിഷയം :- കോവിഡ് 19-രോഗനിർവ്യാപന പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ - കർശന നിയന്ത്രണങ്ങൾ - പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുക്കുന്നു.

സൂചന :- മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ടെ 28.06.2020 തീയതിയിലെ ശുപാർശ

ഉത്തരവ്

കോവിഡ് 19 രോഗനിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗബാധിതരുമായി നേരിട്ട് സമ്പർക്കം ഉണ്ടായെന്നു ബോധ്യപ്പെട്ടതിനാൽ നിലവിൽ കർശന നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾക്ക് പുറമേ താഴെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളിൽ കൂടി കോവിഡ് 19 രോഗനിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 26(2) 30(2)(iii), (iv) 34 (b),(c) എന്നിവ പ്രകാരം കർശന നിയന്ത്രണങ്ങൾ ഉടൻ പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര നം | ത. സ്വ. സ്ഥാ | പ്രദേശം / വാർഡ് |
|---|---|---|
| 1. | വട്ടംകുളം ഗ്രാമ പഞ്ചായത്ത് | മൊത്തം ഗ്രാമ പഞ്ചായത്ത് പരിധി |
| 2. | എടപ്പാൾ ഗ്രാമ പഞ്ചായത്ത് | മൊത്തം ഗ്രാമ പഞ്ചായത്ത് പരിധി |
| 3. | ആലങ്കോട് ഗ്രാമ പഞ്ചായത്ത് | മൊത്തം ഗ്രാമ പഞ്ചായത്ത് പരിധി |
| 4. | മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് | മൊത്തം ഗ്രാമ പഞ്ചായത്ത് പരിധി |
| 5. | പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് | വാർഡ് 7 മാത്രം |
| 6. | പൊന്നാനി നഗരസഭ | 1,2,3,50,51 വാർഡുകൾ ഒഴികെയുള്ളവ |

**നിയന്ത്രണങ്ങൾ/ വ്യവസ്ഥകൾ**

1. മെഡിക്കൽ എമർജൻസി,വിവാഹം,മരണം എന്നീ അടിയന്തിര സാഹചര്യങ്ങളിലല്ലാതെയുള്ള യാത്രകൾ കർശനമായി നിരോധിച്ചിരിക്കുന്നു.
2. മേൽ സൂചിപ്പിട്ടുള്ള പ്രദേശങ്ങളിലുള്ള ഹൈവേയിലൂടെ കടന്ന് പോകുന്ന ദീർഘദൂര യാത്രാവാഹനങ്ങൾ 30 മിനിറ്റിൽ കൂടുതൽ സമയം ഈ പ്രദേശ പരിധിയിൽ ഉണ്ടാവാൻ പാടുള്ളതല്ല.
3. മേൽ പ്രദേശങ്ങളിൽ അവശ്യവസ്തുക്കൾ കൊണ്ട് പോകുന്നതിനുള്ള വാഹനങ്ങളുടെ (ചരക്കു വാഹനങ്ങൾ) ഗതാഗതം അനുവദിക്കുന്നതാണ്.
4. പാൽ, പത്രം, മീഡിയ, മെഡിക്കൽ ലാബ് എന്നിവയ്ക്ക് പ്രവർത്തിക്കാവുന്നതാണ്
5. ഹോട്ടലുകളിൽ പാർസൽ സർവ്വീസിന് മാത്രം രാവിലെ 07.00 മണി മുതൽ രാത്രി 08.00 മണി വരെ അനുമതി ഉണ്ടായിരിക്കുന്നതാണ്
6. കോവിഡ് 19 , രോഗനിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ , അവശ്യ സേവനം നൽകുന്ന മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ മാത്രമേ പ്രവർത്തിപ്പിക്കുവാൻ പാടുള്ളു.
7. മേൽസൂചിപ്പിട്ടുള്ള പ്രദേശങ്ങളിലുള്ള സർക്കാർ ജീവനക്കാർ വർക്ക് ഫ്രം ഹോം രീതിയിലാണ് പ്രവർത്തിക്കേണ്ടത്.
8. സ്വകാര്യ സ്ഥാപനങ്ങൾ , അക്ഷയ എന്നിവ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.
9. ബാങ്ക് , ഇൻഷ്വറൻസ് സ്ഥാപനങ്ങൾ എന്നിവ ഏറ്റവും കുറഞ്ഞ ജീവനക്കാരെ മാത്രം ഹാജരാക്കിക്കൊണ്ട് ഉച്ചക്ക് ഒരു മണിവരെ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാവുന്നതാണ് .
10. മേൽസൂചിപ്പിട്ടുള്ള പ്രദേശങ്ങളിലുള്ള റേഷൻ കടകൾ ഉച്ചക്ക് ഒരു മണിവരെ പ്രവർത്തിക്കാവുന്നതാണ് .
11. മേൽ സ്ഥലങ്ങളിലെ ഭക്ഷ്യ / അവശ്യവസ്തുക്കളുടെ കച്ചവട സ്ഥാപനങ്ങൾ രാവിലെ 7.00 മണി മുതൽ



Scanned with CamScanner

ഉച്ചയ്ക്ക് 01.00 മണി വരെ മാത്രമെ പ്രവർത്തിപ്പിക്കുവാൻ പാടുള്ളു.

12. പെട്രോൾ പമ്പുകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് രാവിലെ 07.00 മണി മുതൽ രാത്രി 10.00 മണി വരെ പ്രവർത്തിക്കാവുന്നതാണ് .യാത്രക്കാർക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാർനിശ്ചയിച്ചിട്ടുള്ള പെട്രോൾ പമ്പുകൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
13. വിവാഹം, മരണാന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് മാത്രമേ ഒത്തു കൂടാൻ അനുമതിയുള്ളൂ . അല്ലാതെ ജനങ്ങൾ ഒത്ത് കൂടാൻ പാടില്ലാത്തതാണ് .
14. ടി പ്രദേശങ്ങളിലെ ആരാധനാലയങ്ങൾ തുറക്കുവാൻ പാടുള്ളതല്ല.
15. കായിക കേന്ദ്രങ്ങൾ,ജിംനേഷ്യങ്ങൾ എന്നിവ തുറക്കുവാൻ പാടുള്ളതല്ല.
16. നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ തുടരുവാൻ അനുവദിക്കുന്നതാണ്.
17. മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ എന്നിവ അനുവദിക്കുന്നതാണ്.
18. മുകളിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ കർശനമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

മേൽ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി തടയൽ നിയമം , ദുരന്ത നിവാരണ നിയമം 2005 , ഐ.പി.സി സെക്ഷൻ 188 എന്നിവ പ്രകാരം നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

COLLECTORATE CIVIL STATION MALAPPURAM Pin: 676 505

ചെയർമാൻ, ജില്ലാ ദുരന്തനിവരണ അതോറിറ്റി & ജില്ലാ കളക്ടർ, മലപ്പുറം

പകർപ്പ്

1. ജില്ലാ പോലീസ് മേധാവി, മലപ്പുറം (ജില്ലയിലെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)(മേൽ പ്രദേശങ്ങളിൽ ജനങ്ങൾ അടിയന്തിര ഘട്ടങ്ങളിലല്ലാതെ പുറത്തിറങ്ങുന്നത് കർശനമായി നിരോധിക്കേണ്ടതാണ്)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.(ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പത്ര-ദൃശ്യ മാധ്യമങ്ങളിൽ - പരസ്യപ്പെടുത്തുന്നതിനായി)
4. ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ , മലപ്പുറം
5. പ്രദേശം ഉൾപ്പെടുന്ന ത. സ്വ. സ്ഥാ സെക്രട്ടറിമാർക്ക്
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
7. എല്ലാ ജില്ലാ തല വകുപ്പ് മേധാവിമാർക്കും
8. ആർ.ടി.ഒ, മലപ്പുറം
9. ജില്ലാ ഫയർ ഓഫീസർ,മലപ്പുറം(മേൽ സൂചിപ്പിട്ടുള്ള പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിൽ അണുനശീകരണപ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്)
10. പ്രിൻസിപ്പൽ കൃഷി ആഫീസർ.മലപ്പുറം (അണുനശീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജില്ലാ ഫയർ ഓഫീസർക്ക് ആവശ്യമായ ജീവനക്കാരെയും അണുനശീകരണത്തിനുള്ള സാധനങ്ങളും നൽകേണ്ടതാണ്)
11. ബന്ധപ്പെട്ട തഹസിൽദാർമാർക്ക് (പരിധി വില്ലേജ് ആഫീസർമാർക്ക് ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

Scanned with CamScanner